**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1589** **14-07-2016-ൽ മറുപടിയ്ക്ക്**

**ലോട്ടറി ടിക്കറ്റ് അച്ചടി പരിഷ്കരണം**

| | **ചോദ്യം**<br><br>**ശ്രീ. ബി.ഡി. ദേവസ്സി** | | **മറുപടി**<br><br>**ഡോ. ടി.എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി ടിക്കറ്റ് അച്ചടിയിൽ പലപ്പോഴും വ്യക്തതയില്ലായ്മ, നമ്പറുകൾ മാഞ്ഞു പോകുന്നത് എന്നീ അപാകതകൾ കാണുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ലോട്ടറി ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സമ്മാനങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും, സമ്മാനങ്ങളും, ഏജന്റുമാർക്കുള്ള കമ്മീഷനും പരിഷ്കരിക്കുന്നതിനും, തൊഴിൽ അന്വേഷകർക്ക് സഹായകരമായ രീതിയിൽ ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) | ലോട്ടറി ടിക്കറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ലോട്ടറി ടിക്കറ്റ് അച്ചടിയും വകുപ്പിന്റെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകൾ യഥാസമയം ഹാജരാക്കുന്നവർക്ക് താമസംവിനാ സമ്മാനത്തുക അനുവദിക്കുന്നുണ്ട്. അവശ്യം വേണ്ട രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാലാണ് സമ്മാനത്തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. സമ്മാന വിതരണത്തിനായി റവന്യൂ വരുമാനത്തിന്റെ 40%-ൽ കൂടുതൽ വിനിയോഗിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ പ്രൈസ് ശതമാനത്തിൽ വ്യത്യാസം വരാത്തവിധം സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഏജന്റുമാരുടെ കമ്മീഷൻ പരിഷ്കരിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.